# നീതിയെ പിൻതുടരുക

## സദൃശ്യവാക്യങ്ങൾ 15:9

"ദുഷ്ടന്മാരുടെ വഴി യഹോവയ്ക്ക് വെറുപ്പു; എന്നാൽ നീതിയെ പിൻതുടരുന്നവനെ അവൻ സ്നേഹിക്കുന്നു."

നാം ആയിരിക്കുന്ന സാഹചര്യങ്ങളിൽ നിന്നുകൊണ്ട് നമ്മെത്തന്നെ ഒന്നു ശോധന ചെയ്യാം. നാം എപ്രകാരമാണ് ജീവിക്കുന്നത്, നാം പിൻതുടരുന്ന ജീവിത രീതികൾ എന്താണ് എന്നൊക്കെ നമുക്ക് ഈ വാക്യത്തിൽകൂടെ മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. രണ്ടു വഴികൾ നമുക്കിവിടെ കാണാൻ കഴിയുന്നു. ഒന്ന്, ദുഷ്ടന്മാരുടെ വഴി, രണ്ടാമത്തേത് നീതിയെ പിൻതുടരുന്നവരുടെ വഴി. നാം ചിന്തിക്കേണ്ടതായ കാര്യം ഇതിൽ ഏതു വഴിയാണ് തിരഞ്ഞെടുത്തിരിക്കുന്നത്, അല്ലെങ്കിൽ ഏതു വഴിയിലാണ് ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ളതാണ്.

ലോകത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ നമ്മെ ആകർഷിക്കുന്ന അനവധി കാര്യങ്ങൾ കാണാൻ കഴിയും. അവയെ ഒക്കെയും നേടുവാനുള്ള വ്യഗ്രതയിൽ നാം ഏതു വഴിയിലൂടെയാണ് സഞ്ചരിക്കുന്നതെന്ന് തിരിച്ചറിയുമ്പോൾ ഒരുപക്ഷേ തിരിച്ചു വരാൻ കഴിയാത്തവിധം മുമ്പോട്ടു പോയി കഴിഞ്ഞിരിക്കും. കാരണം ആ വഴികൾ ഒക്കെ വളരെ വിശാലമേറിയതാവും. വി. മത്തായിയുടെ സുവിശേഷം 7:13 ൽ ഇപ്രകാരം പറയുന്നു. 'ഇടുക്കു വാതിലൂടെ അകത്തു കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും, വഴി വിശാലവും, അതിൽ കൂടി കടക്കുന്നവർ അനേകരും ആകുന്നു'.

ദൈവം ഒരിക്കലും നമ്മെ നാശത്തിലേക്ക് തള്ളപ്പെട്ട അവസ്ഥയിൽ കാണാൻ ആഗ്രഹിക്കുന്നില്ല. അവൻ നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യരക്ഷയെ പ്രാപിപ്പാനും അവനോടു കൂടി നിത്യതയിൽ കഴിയുവാനും നമുക്ക് ഇടയാകണം. നീതിയുടെ പാതയെ പിൻതുടരുമ്പോൾ ഒരുപക്ഷേ മനുഷ്യരാൽ നിന്ദിക്കപ്പെട്ടേക്കാം. കാരണം വിശാലമായ വഴി ഉള്ളപ്പോൾ ഇടുക്കു വാതിലിൽ കൂടി കടക്കേണ്ട കാര്യമില്ല എന്നുള്ളത് ലോകതത്വം ആണ്. എന്നാൽ നീതിമാനായ ദൈവം നീതിയുടെ വഴികളെ ഇഷ്ടപ്പെടുന്നു. തന്റെ വാക്ക് അനുസരിക്കുന്ന ജനത്തിന്റെ നിന്ദയെ അവൻ നീക്കുന്നു. യെശയ്യാ പ്രവാചകനിലൂടെ തന്റെ ജനത്തെ അവൻ ഇപ്രകാരം ബോധ്യപ്പെടുത്തുന്നു. 'നീതിയെ അറിയുന്നവരും ഹൃദയത്തിൽ എന്റെ ന്യായപ്രമാണം ഉള്ള ജനവും ആയുള്ളോരെ, നിങ്ങൾ മനുഷ്യരുടെ നിന്ദയെ ഭയപ്പെടരുത് അവരുടെ ദൂഷണങ്ങളെ പേടിക്കയും അരുതു' (യെശയ്യ 51:7).

ദുഷ്ടത തന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്ന വ്യക്തികൾ തങ്ങളുടെ കാര്യസാധ്യത്തിനായി ഏതു മാർഗ്ഗവും പിൻതുടരും. അങ്ങനെ നേടുന്ന സമ്പത്തിൽ നിന്നും ഒരു ശതമാനം ചാരിറ്റി പ്രവർത്തനങ്ങൾക്കു വേണ്ടിയും, പൊതുജന താല്പര്യങ്ങൾക്കു വേണ്ടിയും ഉപയോഗിക്കുമ്പോൾ അതൊക്കെയും തനിക്കു പേരിനും പ്രശസ്തിക്കും സമൂഹത്തിലെ മാന്യപദവിക്കും വേണ്ടിയാണ് ചെയ്യുന്നതെന്ന് പലരും മനസ്സിലാക്കുന്നില്ല. അങ്ങനെ മുഖംമൂടി ധരിച്ച അനേകം ആളുകളെ ഇന്ന് നമുക്ക് കാണാൻ കഴിയും. അതിൽ ഏറ്റവും ദുഃഖകരമായ കാര്യം സുവിശേഷ പ്രവർത്തനത്തിന്റെ പേരിലും അനേകം കബളിപ്പിക്കലുകൾ ഇന്ന് നടന്നുകൊണ്ടിരിക്കുന്നു. ഒരു കാലത്ത് ആത്മീയവഴികളിൽ സഞ്ചരിച്ചിരുന്നവർ പിന്നീട് ധനത്തിന്റെയും മറ്റു പല ലോകസുഖങ്ങളുടെയും പിന്നാലെ പായുന്നതും നാം കാണുന്നുണ്ട്. നാം മറന്നു പോകരുതാത്ത ഒന്നുണ്ട്. ദൈവത്തിന്റെ മുമ്പിൽ നമുക്ക് ഒന്നും മറച്ചുവെക്കുവാൻ സാധ്യമല്ല. അവൻ നമ്മുടെ ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നു.

‘യഹോവഭക്തി ദോഷത്തെ വെറുക്കുന്നതാകുന്നു; ഡംഭം, അഹങ്കാരം, ദുർമാർഗ്ഗം, വക്രതയുള്ള വായ് എന്നിവയെ ഞാൻ പകെക്കുന്നു’ (സദൃശ്യ വാക്യങ്ങൾ 8:13). സദൃശ്യവാക്യങ്ങളിൽ കൂടി ലഭിക്കുന്ന ഈ പ്രബോധനം ഏറ്റെടുത്തുകൊണ്ട് ദുഷ്ടതയെ വെറുക്കുവാനും, നീതിപ്രവൃത്തികളെ ചെയ്ത്, നീതിയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കുവാനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സദൃശ്യവാക്യങ്ങൾ 21:21

നീതിയും ദയയും പിന്തുടരുന്നവൻ ജീവനും നീതിയും മാനവും കണ്ടെത്തും.

## സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 009